കുറഞ്ഞുവരുന്ന നെൽപ്പാടങ്ങൾ

106 [2723] ശ്രീ. വി. കെ. ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്തുവരുന്ന സ്ഥലങ്ങൾ കുറഞ്ഞു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് നെൽകൃഷി ചെയ്തുവന്നിരുന്ന സ്ഥലങ്ങൾ കുറഞ്ഞുവരുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ നാലു വർഷത്തിനകം കൃഷി ചെയ്തുവന്നിരുന്ന എത്ര ഹെക്ടർ സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി നികത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; ഏതെല്ലാം ജില്ലകളിൽ എത്ര ഹെക്ടർ വീതം എന്നു വ്യക്തമാക്കുമോ;

(ഡി) കൃഷി ചെയ്തുവരുന്ന ഭൂമി ഇപ്പോൾ തരിശുഭൂമിയായി കിടക്കുന്നുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലം ഏതെല്ലാം ജില്ലകളിൽ എന്നു വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു വരുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി & ഇ) വിവരം ശേഖരിച്ചു വരുന്നു.

നെൽവയൽ സംരക്ഷണത്തിന് നടപടി

107 [2724] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽവയലുകൾ വ്യാപകമായി മണ്ണിട്ടുനികത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കൃഷിഭവനുകളിൽ നിന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഏതെല്ലാം പഞ്ചായത്തുകളിൽ നിന്ന് കിട്ടി എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly